Mathrubhumi Seed
Student Empowerment for Environmental Development
IN PARTNERSHIP WITH FEDERAL BANK

സമൂഹനന്മ
കുട്ടികളിലൂടെ

മാതൃഭൂമി
FEDERAL BANK

സീഡ്

Student Empowerment for Environmental Development

കൈപ്പുസ്തകം 2023-24

NEW
initiative

തനിച്ചല്ല
you are not alone

5 മത്സരങ്ങൾ
മാസംതോറും ജില്ലാതലത്തിൽ സമ്മാനങ്ങൾ!

പരിഹാരം വേണം പ്ലാസ്റ്റിക് വിപത്തിന്

Mathrubhumi Seed Student Empowerment for Environmental Development
In partnership with FEDERAL BANK

സീഡ് 2023-24
പ്രവർത്തന മാർഗരേഖ

മണ്ണും മരവും ജലവും സംരക്ഷിക്കുന്നതിന് മാതൃഭൂമി ആരംഭിച്ച സീഡ് എന്ന പ്രസ്ഥാനം 15-ാം വർഷത്തിലേക്ക് എത്തിയിരിക്കുന്നു. സമൂഹനന്മ കുട്ടികളിലൂടെ എന്ന വലിയ ലക്ഷ്യവുമായാണ് സീഡ് കേരളത്തിലെ വിദ്യാലയങ്ങളിൽ പ്രവർത്തിച്ചുവരുന്നത്. പ്രമുഖ ധനകാര്യസ്ഥാപനമായ ഫെഡറൽ ബാങ്കാണ് ഒപ്പമുള്ളത്. പ്രകൃതിസംരക്ഷണത്തോടൊപ്പം ശുചിത്വവും സുരക്ഷയും ബാലാവകാശസംരക്ഷണവും സീഡിന്റെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിദ്യാർഥികൾക്ക് സമഗ്ര സുരക്ഷ ഒരുക്കുന്നതിനായി **'തനിച്ചല്ല'** എന്നപേരിൽ പുതിയൊരു പദ്ധതിയും ഈ വർഷം തുടങ്ങുകയാണ്.

Cover image:shutterstock

6710 വിദ്യാലയങ്ങൾ

2022-23 അധ്യയനവർഷത്തിൽ 6710 വിദ്യാലയങ്ങളാണ് സീഡിൽ രജിസ്റ്റർ ചെയ്തത്. 31 ലക്ഷം വിദ്യാർഥികളും പതിനായിരത്തിലധികം അധ്യാപകരും സീഡിന്റെ ഭാഗമായി പ്രവർത്തിക്കുന്നു

2022-23 വർഷത്തെ സീഡ് പ്രവർത്തന നേട്ടങ്ങൾ

നെല്ല്	പച്ചക്കറി	പഴങ്ങൾ	ജലസംരക്ഷണം	ഊർജസംരക്ഷണം
67,528 കിലോഗ്രാം	1,96,980 കിലോഗ്രാം	3,02,374 കിലോഗ്രാം	2,12,621 കിലോ ലിറ്റർ	1,57,053 കിലോ വാട്ട്

സംരക്ഷിച്ച വൃക്ഷത്തൈകൾ	ബോധവത്കരണ റാലികൾ	സെമിനാറുകൾ	പ്രചാരണ പരിപാടികൾ	ശേഖരിച്ച പ്ലാസ്റ്റിക്	പോസ്റ്റർ പ്രദർശനം
47,629	2,200	3,854	3,202	26421 കിലോഗ്രാം	6,989

മാതൃഭൂമിയും ഫെഡറൽ ബാങ്കും സംയുക്തമായി കേരളത്തിലെ വിദ്യാലയങ്ങളിൽ നടപ്പാക്കിവരുന്ന സീഡ് പദ്ധതി 15-ാം വർഷത്തിലേക്ക് കടക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. പ്രകൃതിയെ കരുതലോടെ പരിപാലിക്കുന്ന ഒരു തലമുറയെ വാർത്തെടുക്കുന്നതിന് സീഡ് പദ്ധതി സഹായകരമാണ്. വൃക്ഷത്തൈ നട്ടുപിടിപ്പിക്കൽ, നെല്ലുല്പാദനം, ലൗ പ്ലാസ്റ്റിക് പദ്ധതി എന്നിവയ്ക്കുപുറമേ ജല, ഊർജസംരക്ഷണ പ്രവർത്തനങ്ങളിലും മികച്ച നിലയിൽ ഇടപെടാൻ സീഡ് അംഗങ്ങൾക്ക് കഴിയുന്നുണ്ട്. സീഡിന്റെ തുടർപ്രവർത്തനങ്ങൾക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ
മുഖ്യമന്ത്രി



സമൂഹനന്മ കുട്ടികളിലൂടെ എന്ന ലക്ഷ്യം മുൻനിർത്തി മാതൃഭൂമി നടപ്പാക്കുന്ന പദ്ധതിയായ സീഡിന് എല്ലാ ഭാവുകങ്ങളും നേരുന്നു. പ്രകൃതിയെ കരുതലോടെ കാക്കുന്ന ഒരു തലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാർഥികൾക്കും അധ്യാപകർക്കും പ്രചോദനമായി, 15-ാം വർഷത്തിലേക്ക് പ്രവേശിക്കുന്ന മാതൃഭൂമി സീഡ് കൂടുതൽ പദ്ധതികൾ ഏറ്റെടുത്ത് മുന്നോട്ടുപോകട്ടെ എന്ന് ആശംസിക്കുന്നു.

വി.ശിവൻകുട്ടി
പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി

ഈ വർഷത്തെ പ്രവർത്തനങ്ങളുടെ പൊതുവായ മാർഗരേഖ തുടർന്നുള്ള പേജുകളിൽ നൽകിയിട്ടുണ്ട്. ഏറ്റവും മികച്ചരീതിയിൽ പുതുമയോടെ പ്രവർത്തനങ്ങൾ നടപ്പിലാക്കണം. 2023 ജൂൺ 5 മുതൽ 2024 ജനുവരി 15 വരെയുള്ള സീഡ് പ്രവർത്തനങ്ങളെ വിലയിരുത്തിയാണ് വിജയികളെ നിശ്ചയിക്കുക. സ്കൂളിൽ നടത്തിയ സീഡ് പരിപാടികളുടെ സമ്പൂർണ വിവരങ്ങൾ അടങ്ങുന്ന റിപ്പോർട്ടാണ് അവാർഡിനായി സമർപ്പിക്കേണ്ടത്. പരിപാടികളുടെ വിശദാംശങ്ങൾ, നോട്ടീസ്, ഫോട്ടോ, വീഡിയോ എന്നിവയെല്ലാം റിപ്പോർട്ടിനൊപ്പം ചേർക്കാം.

സീഡ് റിപ്പോർട്ടുകൾ 2024 ജനുവരി 30-നകം മാതൃഭൂമി ജില്ലാ ഓഫീസിൽ എത്തിക്കണം. റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മികച്ച പ്രവർത്തനം നടത്തിയ സ്കൂളുകളെ തിരഞ്ഞെടുക്കും. സ്കൂളുകളിൽ ജൂറി സന്ദർശനം നടത്തി വിലയിരുത്തിയതിനു ശേഷമേ അവാർഡ് ജേതാക്കളെ നിർണയിക്കുകയുള്ളൂ.

സീഡ് പദ്ധതിയിൽ മുൻപ് രജിസ്റ്റർചെയ്തിട്ടുള്ള സ്കൂളുകൾ വീണ്ടും ചെയ്യേണ്ടതില്ല. ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽ, സീഡ് കോർഡിനേറ്റർ ഇവർ മാറിയിട്ടുണ്ടെങ്കിൽ മാതൃഭൂമി പ്രതിനിധിയെ അറിയിക്കണം .

എൽ. പി. വിഭാഗം മുതൽ ഹയർ സെക്കൻഡറി വരെയുള്ള സ്കൂളുകൾക്ക് പദ്ധതിയിൽ പങ്കാളികളാവാം. എൽ. പി. വിഭാഗത്തിന് പ്രത്യേക സമ്മാനങ്ങളുണ്ട്. എന്നാൽ ഇവർക്ക് പൊതുവിഭാഗത്തിൽ മത്സരിച്ചു സമ്മാനം നേടുന്നതിന് തടസ്സമില്ല.

Solutions to Plastic Pollution

'പ്ലാസ്റ്റിക് മലിനീകരണത്തിന് പരിഹാരം കണ്ടെത്തുക' എന്ന ആശയത്തിൽ ഊന്നിയാണ് ഈ വർഷത്തെ UNEP യുടെ പരിസ്ഥിതി ദിന സന്ദേശം. നമുക്കും ആ പ്രവർത്തനങ്ങളിൽ പങ്കാളികളാവാം...

ലോകത്തെല്ലായിടത്തും ഉപയോഗം കഴിഞ്ഞ പ്ലാസ്റ്റിക്കിന്റെ അളവ് ദിനംപ്രതി കൂടി വരുകയാണ്. ഇന്ത്യയിൽ മാത്രം 3.4 മില്യൺ ടൺ പ്ലാസ്റ്റിക് മാലിന്യമാണ് ഒരു വർഷം ഉണ്ടാവുന്നത്. ഇതിൽ 30% മാത്രമേ പുനഃചംക്രമണത്തിനായി എത്തുന്നുള്ളു. ബാക്കിയുള്ളവ മണ്ണിലും ജലത്തിലും ഏറെക്കാലം നശിക്കാതെ കിടക്കുന്നു. ഇവയുണ്ടാക്കുന്ന പാരിസ്ഥിതികപ്രശ്നങ്ങളും ആരോഗ്യപ്രശ്നങ്ങളും നിരവധിയാണ്. ആവശ്യം കഴിഞ്ഞ പ്ലാസ്റ്റിക് വസ്തുക്കൾ ശരിയായ രീതിയിൽ ശേഖരിക്കുകയും പുനരുപയോഗിക്കുകയും ചെയ്താൽ പ്ലാസ്റ്റിക്മാലിന്യങ്ങൾമൂലമുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കാൻ സാധിക്കും. പ്ലാസ്റ്റിക്കിന് പകരമായ വസ്തുക്കൾ പ്രോത്സാഹിപ്പിക്കുകയും വേണം.

ഈ വർഷത്തെ പ്രവർത്തനങ്ങളെ നാലു പ്രധാന വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്

1. കാർഷികം
2. ജല, ഊർജ, ജൈവവൈവിധ്യ സംരക്ഷണം
3. ആരോഗ്യം, ശുചിത്വം
4. സുരക്ഷ, ബാലാവകാശം



കാർഷികം

- പുതിയ ഏതെങ്കിലും കൃഷിരീതികൾ സ്കൂളിൽ നടപ്പിലാക്കുക. കുട്ടികൾക്ക് അതിനെപ്പറ്റിയുള്ള ബോധവത്കരണവും നൽകണം.
- ജൈവകൃഷിരീതിയെ പ്രോത്സാഹിപ്പിക്കുക. അതിന്റെ ഗുണവശങ്ങളും വെല്ലുവിളികളും ചർച്ചചെയ്യണം.
- കുട്ടികളുടെ വീടുകളിൽ അടുക്കളകൃഷിത്തോട്ടം ഒരുക്കുന്നത് പ്രോത്സാഹിപ്പിക്കുക. അധ്യാപകർ അടുക്കളത്തോട്ടം സന്ദർശിക്കുകയും മികച്ച കൃഷിത്തോട്ടത്തിന് സമ്മാനം നൽകുകയും ചെയ്യുക. എന്റെ കൃഷിത്തോട്ടം പദ്ധതി പ്രകാരം മികച്ച കുട്ടിക്കർഷകർക്ക് ജില്ലാ തലത്തിൽ സമ്മാനം നൽകും.
- വീടുകളിലെ ഭക്ഷണാവശിഷ്ടങ്ങൾ ജൈവവളമാക്കി മാറ്റുന്നതിനുള്ള പരിശീലനം നൽകുക.
- ഓരോ സമയത്തും ഉണ്ടാകുന്ന പഴങ്ങൾ പാഴാക്കാതെ ഉപയോഗിക്കാനുള്ള രീതികൾ പരിശീലിപ്പിക്കാം.
- മണ്ണുസംരക്ഷണ പ്രവർത്തനങ്ങളും ജൈവ കീടനിയന്ത്രണരീതികളും പരിചയപ്പെടുത്താം.

ജല, ഊർജ, ജൈവ വൈവിധ്യ സംരക്ഷണം

- ജല ഗുണനിലവാര പരിശോധന.
- നിങ്ങളുടെ പ്രദേശത്തെ ജലസ്രോതസ്സുകളുടെ അവസ്ഥയെക്കുറിച്ച് പഠനം നടത്താം. ജലസ്രോതസ്സുകൾ ദത്തെടുക്കാം.
- കഴിഞ്ഞ 10 വർഷത്തിനിടയിൽ നിങ്ങളുടെ പ്രദേശത്തുനിന്ന് നശിപ്പിക്കപ്പെട്ട, മലിനമാക്കപ്പെട്ട ജലസ്രോതസ്സുകൾ കണ്ടെത്താം.
- നിങ്ങൾ നടപ്പിലാക്കിയ ബോധവത്കരണ, സംരക്ഷണ പ്രവർത്തനങ്ങളിലൂടെ എത്ര കിലോലിറ്റർ വെള്ളം സംരക്ഷിച്ചു എന്നതിന്റെ കണക്കുകൾ രേഖപ്പെടുത്തുക.
- പൊതുവിടങ്ങളിൽ തണൽ ഒരുക്കാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാം.
- വൈദ്യുതോർജം ലാഭിക്കുവാൻ വിവിധ പ്രവർത്തനങ്ങൾ നടത്തുകയും അതിലൂടെ എത്ര മാത്രം ഊർജം ലാഭിക്കുവാൻ കഴിഞ്ഞു എന്ന് രേഖപ്പെടുത്തുകയും ചെയ്യുക.
- ജൈവവൈവിധ്യ സെൻസസ് സ്കൂൾതലത്തിലും പ്രാദേശികതലത്തിലും നടത്താം.
- അന്യംനിന്ന് പോകുന്ന ചെടികളെക്കുറിച്ചും ജീവികളെക്കുറിച്ചും പഠനം.
- പ്രാദേശിക ജൈവവൈവിധ്യ സംരക്ഷണത്തിന് മാർഗരേഖ തയ്യാറാക്കാം.

Special activity

സ്കൂളിൽ Outdoor Sensory path നിർമിക്കാം.

ശുചിത്വം, ആരോഗ്യം

- വിദ്യാർഥികളിൽ ശുചിത്വബോധവും ശീലവും വളർത്തിയെടുക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കാം.
- ആരോഗ്യ ബോധവത്കരണ ക്ലാസുകൾ, മെഡിക്കൽ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കാം.
- വിദ്യാർഥികൾക്ക് സ്വയംസംരംഭക വികസനപദ്ധതികളിൽ പരിശീലനം നൽകാം.
- ലഹരിക്കെതിരേ സീഡ് ജാഗ്രതാ സമിതി രൂപവത്കരിക്കുക. പോലീസ് / എക്സൈസ് അംഗങ്ങളുമായി ചേർന്ന് ലഹരിമുക്ത വിദ്യാലയം പദ്ധതി നടപ്പിലാക്കുക. ലഹരിവിൽപ്പന, കൈമാറ്റം എന്നിവ നടത്തുന്നതറിഞ്ഞാൽ ഈ പദ്ധതിയിലൂടെ ബന്ധപ്പെട്ട അധികാരികൾക്ക് വിവരം കൈമാറണം. ലഹരിക്ക് അടിമപ്പെട്ട വിദ്യാർഥികൾ ഉണ്ടെങ്കിൽ അവർക്കുവേണ്ട കൗൺസിലിങ്, ചികിത്സ എന്നിവ നൽകുന്നതിനുള്ള സഹായം നൽകുകയും വേണം. (രഹസ്യസ്വഭാവം സൂക്ഷിക്കണം). അതിഥിത്തൊഴിലാളികൾക്കിടയിലും ബോധവത്കരണപരിപാടികൾ സംഘടിപ്പിക്കുക.
- വിദ്യാർഥികളെ വായനയിലേക്ക് ആകൃഷ്ടരാക്കാൻ 'വായനയുടെ ലഹരി' കാമ്പയിന് തുടക്കംകുറിക്കുക.
- ഒരുമിച്ച് കളിക്കാനുള്ള സന്ദർഭങ്ങൾ ഒരുക്കാം. അതിലൂടെ ലഭിക്കുന്ന ശാരീരികവും മാനസികവുമായ ഗുണങ്ങൾ മനസ്സിലാക്കുക (ഒരുമിച്ച് കളിച്ച സമയം എത്രയെന്ന് സീഡ് റിപ്പോർട്ടിൽ ഉൾപ്പെടുത്തണം).

സുരക്ഷ, ബാലാവകാശം

- സുരക്ഷാക്ലബ് രൂപവത്കരിച്ച് സ്കൂളിൽ നിലവിലുള്ള സുരക്ഷാമാർഗങ്ങളെക്കുറിച്ച് പഠിക്കുകയും പുതിയ സുരക്ഷാ മാർഗങ്ങളെക്കുറിച്ച് വിദ്യാർഥികളിൽ ബോധവത്കരണം നടത്തുകയും ചെയ്യുക.
- മൃഗങ്ങളുടെ ആക്രമണം, വെള്ളപ്പൊക്കം, വരൾച്ച തുടങ്ങിയ സന്ദർഭങ്ങളിൽ ചെയ്യേണ്ട പൊതുവായ കാര്യങ്ങൾ പഠിപ്പിക്കാം.
- പ്രഥമശുശ്രൂഷാക്ലാസുകൾ, ട്രാഫിക് ബോധവത്കരണ ക്ലാസുകൾ എന്നിവ വിദ്യാർഥികൾക്ക് നൽകണം.
- സുരക്ഷയുമായി ബന്ധപ്പെട്ട നോട്ടീസുകൾ പൊതുജനങ്ങൾക്കിടയിൽ വിതരണംചെയ്യാം.
- സ്വയരക്ഷയ്ക്കായി ആയോധനകലകളിലുള്ള പരിശീലനം കുട്ടികൾക്ക് നൽകാവുന്നതാണ്.
- ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി, വനിത-ശിശു വികസന വകുപ്പ് എന്നിവയുമായി ചേർന്ന് വിദ്യാർഥികൾക്ക് ബോധവത്കരണക്ലാസുകൾ നൽകാം.





കുട്ടികളുടെ സമഗ്ര സുരക്ഷ ഉറപ്പാക്കുന്നതിന് മാതൃഭൂമി സീഡ് തുടങ്ങുന്ന പദ്ധതിയാണ് - **തനിച്ചല്ല** . പേര് സൂചിപ്പിക്കുന്നതുപോലെ കുട്ടികളോടൊപ്പം ചേർന്നു നിൽക്കുക എന്നതാണ് പദ്ധതിയുടെ പ്രഥമ ലക്ഷ്യം. ലഹരിയുമായി ബന്ധപ്പെട്ട ചതിക്കുഴികളിൽ പെട്ടുപോകാതിരിക്കുന്നതിനും സൈബറിടങ്ങളിലെ അപകടങ്ങളിൽ കുരുങ്ങാതിരിക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കുക. കുട്ടികൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിന് നിയമപരമായ വഴികൾ നിരവധിയുണ്ട്. അവയെല്ലാം സുരക്ഷിതമായി ഉപയോഗപ്പെടുത്താൻ കഴിയുംവിധം ശരിയായ അറിവ് കുട്ടികൾക്ക് നൽകി അവരെ ശാക്തീകരിക്കും. അപകടകരമായ സാഹചര്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ അതീവ രഹസ്യമായി അധികാരികളെ അറിയിക്കുന്നതിനുള്ള വിശ്വസനീയമായ മാർഗമാണ് സീഡ് ഒരുക്കുന്നത്. 100 വർഷം പാരമ്പര്യമുള്ള വിശ്വാസ്യത കുട്ടികൾക്ക് 100 ശതമാനം സുരക്ഷയൊരുക്കാനായി പ്രയോജനപ്പെടുത്താനാണ് ശ്രമം. സ്കൂൾതലത്തിൽ കുട്ടികളും അധ്യാപകരും നേരിടുന്ന പ്രശ്നങ്ങൾ **തനിച്ചല്ല, മാതൃഭൂമി സീഡ്, കെ.പി. കേശവമേനോൻ റോഡ്, കോഴിക്കോട് -1** എന്ന വിലാസത്തിലോ **thanichalla@mpp.co.in** എന്ന മെയിൽ വിലാസത്തിലോ **7034876000** എന്ന നമ്പരിലേക്ക് വാട്സാപ്പ് ചെയ്തോ അറിയിക്കാം. വ്യക്തിവിവരങ്ങൾ വെളിപ്പെടുത്താതെയും കത്തുകൾ അയയ്ക്കാം. കത്തുകളിലെ ഉള്ളടക്കം രഹസ്യമായി സൂക്ഷിക്കും. ഗൗരവമുള്ള പ്രശ്നങ്ങളിൽ വസ്തുതകൾ അധികൃതരെ സുരക്ഷിതമായി അറിയിക്കുക എന്ന കടമയാണ് നടപ്പിലാക്കാൻ ശ്രമിക്കുന്നത്. പ്രശ്നപരിഹാരത്തിന് അധികൃതരുടെ ഭാഗത്തുനിന്ന് നടപടികൾ വേഗത്തിലാക്കുന്നതിനായി പരിശ്രമിക്കുകയും ചെയ്യും. പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ രക്ഷിതാക്കളുടെയും സഹകരണം ഉറപ്പാക്കണം.



കുട്ടികൾക്കുനേരെയുള്ള അതിക്രമങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് നമ്മൾ ജാഗ്രത പാലിക്കേണ്ടതാണ്. അഥവാ അത്തരം സംഭവങ്ങൾ ഉണ്ടായതായി അറിഞ്ഞാൽ അധികൃതരെ അറിയിക്കേണ്ടത് ഒരു സാമൂഹിക ഉത്തരവാദിത്വമാണ്. നിയമപരമായ എല്ലാ സഹായവും നമുക്ക് ഇക്കാര്യത്തിൽ ലഭിക്കും.

ഏതെങ്കിലും കുട്ടി ലൈംഗിക അതിക്രമത്തിന് ഇരയാകുന്നതായി സൂചന ലഭിച്ചാൽ 1098 എന്ന ചൈൽഡ് ഹെല്പ് ലൈൻ നമ്പറിൽ വിവരം അറിയിക്കണം. അല്ലെങ്കിൽ അടുത്തുള്ള പോലീസ് സ്റ്റേഷനിൽ വിവരം അറിയിക്കണം.

അതിക്രമങ്ങളെ അതിജീവിച്ച കുട്ടികൾക്കുള്ള എല്ലാ സേവനങ്ങൾക്കും ജില്ലയിലെ ശിശുസംരക്ഷണ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

പോക്സോ കേസുകളുമായി ബന്ധപ്പെട്ട് നൽകുന്ന വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കും. വിവരം നൽകിയതുകൊണ്ട് സിവിലോ ക്രിമിനലോ ആയ യാതൊരു നടപടികളും നേരിടേണ്ടിവരില്ല.

ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് കുട്ടികളുടെ സംരക്ഷണത്തിനും പുനരധിവാസത്തിനും ക്ഷേമത്തിനുമായുള്ള എല്ലാ സേവനങ്ങളും ഏകോപിപ്പിച്ച് നടപ്പിലാക്കുന്നുണ്ട്. കുട്ടികൾക്കുവേണ്ട കൗൺസിലിങ്, സുരക്ഷിത താമസം, ലഹരിപ്രതിരോധം തുടങ്ങിയ സേവനങ്ങൾ ഈ ഓഫീസിൽ ലഭ്യമാണ്.

സ്കൂളുകളിൽ ചെയ്യേണ്ട കാര്യങ്ങൾ

- കുട്ടികൾക്ക് ഉണ്ടാവാനിടയുള്ള പ്രശ്നങ്ങൾ എങ്ങനെ കൈകാര്യംചെയ്യണമെന്നതിനെക്കുറിച്ച് ചർച്ച ചെയ്ത് ഒരു മാർഗരേഖ ഉണ്ടാക്കണം. ഈ ചർച്ചയിൽ കുട്ടികൾ, സ്കൂൾ മാനേജ്മന്റ് പ്രതിനിധികൾ, പി. ടി. എ. പ്രതിനിധികൾ, എസ്.പി.സി., ജില്ലാ ശിശു സംരക്ഷണ ഓഫീസർ, ചൈൽഡ് വെൽഫെയർ കമ്മിറ്റി അംഗങ്ങൾ, കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്ത് പ്രതിനിധികൾ, വിദ്യാഭ്യാസ വകുപ്പ് പ്രതിനിധി, പോലീസ്, എക്സൈസ്, കുട്ടികളുടെ മേഖലയിൽ പ്രവർത്തിക്കുന്ന സോഷ്യൽ വർക്കേഴ്സ് എന്നിവരെ പങ്കെടുപ്പിക്കണം. രക്ഷിതാക്കൾക്കായി പ്രത്യേക ബോധവത്കരണ പരിപാടിയും നടത്തണം.
- ആൺകുട്ടികളും പെൺകുട്ടികളും ഒന്നിച്ചുള്ള കൂട്ടായ്മ രൂപവത്കരിച്ച് സൈബർ സേഫ്റ്റി, പേഴ്സണൽ സേഫ്റ്റി എന്നീ വിഷയങ്ങളിൽ പരിശീലനം നൽകാം.
- കുട്ടികളുടെ പ്രശ്നങ്ങൾ തുറന്നു സംസാരിക്കുവാനുള്ള വേദി ഒരുക്കുക. പ്രശ്നങ്ങൾ എഴുതി നിക്ഷേപിക്കുന്നതിനായി പെട്ടി സ്ഥാപിക്കാം. സീഡ് ടീച്ചർ കോഓഡിനേറ്റർ ഈ വിവരങ്ങൾ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കണം.
- സഹപാഠികളുടെ പ്രശ്നങ്ങൾ മറ്റ് കുട്ടികളുടെ ശ്രദ്ധയിൽ പെട്ടാൽ അത് രഹസ്യമായി സീഡ് അധ്യാപക കോഓർഡിനേറ്ററെ അറിയിക്കുക.
- പ്രശ്നങ്ങളിൽ പെടുന്ന സഹപാഠിയെ സഹായിക്കാൻ എപ്പോഴും കൂട്ടുകാർ കൂടെയുണ്ടാവും എന്ന ബോധ്യം ഉണ്ടാക്കിയെടുക്കണം. ഇക്കാര്യത്തിൽ സേവനസന്നദ്ധരും ക്ഷമാശീലരുമായ അധ്യാപകരുടെ സേവനം ഉറപ്പുവരുത്തുക.
- മാസത്തിൽ ഒരിക്കൽ ഗ്രൂപ്പ് മീറ്റിങ് കൂടണം. ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുന്ന ഘട്ടത്തിലും മീറ്റിങ് നടത്തണം.
- സുരക്ഷാകൂട്ടായ്മയുടെ പ്രവർത്തന റിപ്പോർട്ട് സീഡ് ഫൈനൽ റിപ്പോർട്ടിനൊപ്പം നൽകേണ്ടതാണ് (വ്യക്തിവിവരങ്ങൾ ഇതിൽ ഉൾപ്പെടുത്തരുത്).

ജില്ലാ ചൈൽഡ് പ്രൊട്ടെക്ഷൻ യൂണിറ്റ്ഓഫീസുകളുമായി ബന്ധപ്പെടാനുള്ള വിലാസം

SL NO.	OFFICE NAME	LANDLINE	Mobile	ADDRESS	E-MAIL
1	Thiruvananthapuram	0471-2345121	8281899460	DCPO, FIRST FLOOR, OPP SBI BANK, POOJAPPURA	tvmdcpu2015@gmail.com
2	Kollam	0474-2791597	8281899461	DCPO, 3rd FLOOR, CIVIL STATION, KOLLAM- 691013	dcpukollam@gmail.com
3	Pathanamthitta	0468-2319998	8281899462	DCPO, 3rd FLOOR, ARANMULA, MINI CIVIL STATION, 689533	dcpupta@gmail.com
4	Alappuzha	0477-2241644	8281899463	DCPO, LATIN CHURCH BUILDING, CONVENT SQUARE, 688001	dcpualpy@gmail.com
5	Kottayam	0481-2580548	8281899464	DCPO, KVM BUILDINGS, ANNANKUNNU ROAD, KOTTAYAM-686001	dcpukottayam@gmail.com
6	Idukki	04862-200108	8281899465	DCPU, IDUKKI, PAINAVU PO, PAINAVU- 685603	dcpoidukki@gmail.com
7	Ernakulam	0484-2609177	8281899466	DCPU, GROUND FLOOR, CIVIL STATION, NEAR DISTRICT TREASURY, KAKKANAD- 683020	dcpuernakulam@gmail.com
8	Thrissur	0487-2364445	8281899467	DCPO, 2ND FLOOR, CIVIL STATION, AYYANTHOLE, THRISSUR-680003	dcputsr@gmail.com
9	Palakkad	0491-2531098	8281899468	DCPU, 2ND FLOOR, MUNICIPAL COMPLEX, ROBINSON ROAD, PALAKKAD-678001	dcpupkd@gmail.com
10	Malappuram	0483-2978888	8281899469	DCPO, 3rd FLOOR, MINI CIVIL STATION, MANJERI- 676121	dcpumpm@gmail.com
11	Kozhikode	0495-2378920	8281899470	DCPU, 2 nd FLOOR, CIVIL STATION, KOZHIKODE	dcpukkd@gmail.com
12	Wayanad	04936-246098	8281899471	DCPO, JAWAHAR BALAVIKAS BHAVAN, MEENANGADY, NEAR COMMUNITY HALL, WAYANAD- 673591	dcpowyd@gmail.com
13	Kannur	0490-2326199	8281899472	ROOM NO. F6-2nd FLOOR, MUNICIPAL TOWN HALL, THALASSERY, KANNUR	dcpuknr@gmail.com
14	Kasaragod	04994-256990	8281899473	DCPO, CIVIL STATION, VIDHYA NAGARAM- 671123	dcpuksd@gmail.com

പുതുമയുള്ളതാക്കാം തുടർപ്രവർത്തനങ്ങൾ

വിദ്യാലയങ്ങൾക്ക് പുറത്തേക്ക് വ്യാപിച്ചു കിടക്കുന്ന നിരവധി പ്രവർത്തനങ്ങൾ സീഡ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. അവയിൽ പലതും വലിയ സാമൂഹിക മാറ്റങ്ങൾക്ക് വഴിയൊരുക്കുകയും ചെയ്തു. ദീർഘകാലം തുടരേണ്ട ഈ പദ്ധതികൾ പുതിയ ആശയങ്ങൾ ചേർത്ത് കൂടുതൽ മികച്ചരീതിയിൽ നടപ്പിലാക്കാൻ ശ്രദ്ധിക്കണം.

സീഡ് പോലീസ്

പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങൾക്കൊപ്പം ലഹരിക്കെതിരെയുള്ള ജാഗ്രതാ പ്രവർത്തനങ്ങളും കുട്ടികളുടെ സുരക്ഷാകാര്യങ്ങളും കൂടി സീഡ് പോലീസിന് ഏറ്റെടുത്ത് നടപ്പാക്കാം. ഈ വർഷം താഴെ പറയുന്ന പ്രവർത്തനങ്ങളിൽ സീഡ് പോലീസ് കൂടുതൽ ശ്രദ്ധ നൽകണം.

■ ലഹരി ഉപയോഗം തടയുന്നതിന് ■ ട്രാഫിക് ബോധവത്കരണത്തിന് ■ പ്ലാസ്റ്റിക് ദുരുപയോഗത്തിനെതിരേ ■ മാലിന്യനിക്ഷേപം തടയുന്നതിന് ■ പ്രഥമശുശ്രൂഷാ ബോധവത്കരണത്തിന് ■ ജെൻഡർ ഇക്വാളിറ്റി ഉറപ്പാക്കുന്നതിന് ■ ഒരുമിച്ചുള്ള കളികൾ പ്രോത്സാഹിപ്പിക്കുന്നതിന്.

സീഡ് റിപ്പോർട്ടർ

മാതൃഭൂമി പത്രം, മാതൃഭൂമി ന്യൂസ്, ക്ലബ് എഫ്. എം., ബാലഭൂമി എന്നിവയിലൂടെ പരിസ്ഥിതിയുമായി ബന്ധപ്പെട്ട വാർത്തകൾ ലോകത്തെ അറിയിക്കാൻ വിദ്യാർഥികൾക്ക് അവസരം നൽകുന്ന പദ്ധതിയാണ് സീഡ് റിപ്പോർട്ടർ. നന്നായി എഴുതാൻ കഴിവുള്ള ഒരു വിദ്യാർഥിയെ സീഡ് റിപ്പോർട്ടറായി തിരഞ്ഞെടുക്കണം. വാർത്തകൾ സീഡ് ജില്ലാ കോഓർഡിനേറ്ററെയാണ് ഏല്പിക്കേണ്ടത്.

പൂമ്പാറ്റയ്ക്കൊരു പൂന്തോട്ടവും മധുരവനവും

പൂമ്പാറ്റകളുടെയും പൂച്ചെടികളുടെയും ഫലവൃക്ഷങ്ങളുടെയും സംരക്ഷണം പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നു. പൂമ്പാറ്റയ്ക്കൊരു പൂന്തോട്ടം പദ്ധതിയും ഫലവൃക്ഷങ്ങൾ നട്ടുവളർത്തുന്ന മധുരവനം പദ്ധതിയും സ്കൂളുകളിലും വീടുകളിലും പൊതുസ്ഥലങ്ങളിലും നടപ്പാക്കി മാതൃകയാകാവുന്നതാണ്.

ലവ് പ്ലാസ്റ്റിക്

പ്ലാസ്റ്റിക് മാലിന്യം എന്ന വലിയ വിപത്ത് തടയുന്നതിനായി 2011 മുതൽ സീഡ് നടപ്പിലാക്കുന്ന പദ്ധതിയാണ് ലവ് പ്ലാസ്റ്റിക്. ഈ വർഷം UNEP നൽകുന്ന പരിസ്ഥിതിദിനസന്ദേശവും പ്ലാസ്റ്റിക് വിപത്തിനെതിരേ പ്രർത്തിക്കാനാണ്. പ്ലാസ്റ്റിക് ഉപയോഗം പരമാവധി ശാസ്ത്രീയമാക്കാനും കുറച്ചുകൊണ്ടുവരാനുമുള്ള വിപുലമായ പരിപാടികൾ ഈ വർഷം നടപ്പിലാക്കാം.

നാട്ടുമാഞ്ചോട്ടിൽ

കേരളത്തിലെ നാട്ടുമാവിനങ്ങൾ തിരിച്ചറിയുന്നതിനും സംരക്ഷിക്കുന്നതിനും പ്രാദേശിക ഇനങ്ങൾ മറ്റുള്ള സ്ഥലങ്ങളിൽ എത്തിക്കുന്നതിനും വേണ്ടി തുടങ്ങിയ പദ്ധതിയാണ് നാട്ടുമാഞ്ചോട്ടിൽ. പദ്ധതിയുടെ ഭാഗമായി കേരളത്തിൽ അങ്ങോളമിങ്ങോളം നട്ടുപിടിപ്പിച്ച നാട്ടുമാവുകളെ സംരക്ഷിച്ച് നിലനിർത്തുന്ന പ്രവർത്തനങ്ങൾ തുടരണം. പ്രായമായ മാവുകളുടെ സംരക്ഷണത്തിലും ശ്രദ്ധിക്കണം.

കടലാമയ്ക്കൊരു കൈത്തൊട്ടിൽ

കേരളത്തിന്റെ കടൽത്തീരത്ത് മുട്ടയിടാനെത്തുന്ന ഒലിവ് റിഡ്‌ലി ആമകൾക്ക് സംരക്ഷണമൊരുക്കുന്ന പദ്ധതിയാണിത്. പ്രാദേശിക പരിസ്ഥിതിസംഘടനകളുമായി സഹകരിച്ചാണ് ഇത് നടപ്പിലാക്കുന്നത്. കടലാമസംരക്ഷണത്തിനായുള്ള പ്രചാരണ പ്രവർത്തനങ്ങൾ കൂടുതൽ കരുതലോടെ തുടരാം.

എന്റെ തെങ്ങ്

മാതൃഭൂമി സീഡും നാളികേര വികസന ബോർഡും ചേർന്ന് കേരളത്തിലെ വിദ്യാലയങ്ങളിൽ പ്രാവർത്തികമാക്കിയ പദ്ധതിയാണ് 'എന്റെ തെങ്ങ്'. സ്കൂളുകളിൽ കേരവൃക്ഷത്തൈ നട്ട് പരിരക്ഷിക്കുന്നതിലൂടെ തെങ്ങിനെ അടുത്തറിയാൻ വിദ്യാർഥികൾക്ക് അവസരം ലഭിക്കുന്നു.

5 സ്റ്റാർ മത്സരങ്ങൾ ജില്ലാതലത്തിൽ സമ്മാനങ്ങൾ

സീഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വൈവിധ്യമുള്ളതാക്കുന്നതിനും കുട്ടികളിലെ ബഹുമുഖമായ കഴിവുകൾ തിരിച്ചറിയുന്നതിനുമായി ഓരോ മാസത്തിലും വേറിട്ട മത്സരങ്ങൾ സംഘടിപ്പിക്കാം. ഓരോ മാസത്തെയും വിഷയം നോക്കി സ്കൂൾതലത്തിൽ മത്സരം നടത്തണം. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കിട്ടുന്നവ, സീഡ് ജില്ലാ കോ ഓർഡിനേറ്ററെ ഏല്പിക്കണം. ജില്ലാതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്നവർക്ക് സമ്മാനം ലഭിക്കും. സ്കൂൾതലത്തിൽ മത്സരങ്ങളിൽ പങ്കെടുത്തവരുടെ എണ്ണവും ജില്ലാതലത്തിൽ സമ്മാനം ലഭിച്ചിട്ടുണ്ടെങ്കിൽ ആ വിവരവും ഫൈനൽ റിപ്പോർട്ടിൽ ഉൾപ്പെടുത്തണം.

ജൂലായ്
അവധിക്കാല ഓർമകൾ
അനുഭവക്കുറിപ്പ് എഴുതൽ

ഓഗസ്റ്റ്
ലീഫ് ആർട്ട്
ഇലകൾ ഒട്ടിച്ച് ഉണ്ടാക്കുന്ന ചിത്രം

സെപ്റ്റംബർ
റീസൈക്കിൾ ആർട്ട്
ഉപയോഗശൂന്യമായ വസ്തുക്കളിൽനിന്ന് കലാരൂപം

ഒക്ടോബർ
ഗാന്ധി പെയിന്റിങ്
രാഷ്ട്രപിതാവിന്റെ വേറിട്ട ചിത്രം

നവംബർ
ലഹരി ഭീകരൻ
ലഹരിയുടെ ദുരിതം അനുഭവിക്കുന്നവരെക്കുറിച്ച് കുറിപ്പ്

സീഡ് - പരിസ്ഥിതിയനുബന്ധ ദിനാചരണ കലണ്ടർ

ജൂൺ 5	ലോക പരിസ്ഥിതി ദിനം
ജൂൺ 7	ലോക ഭക്ഷ്യ സുരക്ഷാ ദിനം
ജൂൺ 8	ലോക സമുദ്ര ദിനം
ജൂൺ 12	ലോക ബാലവേലവിരുദ്ധ ദിനം
ജൂൺ 14	ലോക രക്തദാനദിനം
ജൂൺ 17	ലോക മരുവത്കരണവിരുദ്ധ ദിനം
ജൂൺ 19	വായന ദിനം
ജൂൺ 21	അന്തർദേശീയ യോഗ ദിനം , ലോക സംഗീത ദിനം
ജൂൺ 26	അന്തർദേശീയ ലഹരി മരുന്ന് വിരുദ്ധ ദിനം
ജൂലായ് 1	ദേശീയ ഡോക്ടേഴ്സ് ദിനം
ജൂലായ് 11	ലോക ജനസംഖ്യാ ദിനം
ജൂലായ് 21	ചാന്ദ്ര ദിനം
ജൂലായ് 28	ലോക പ്രകൃതിസംരക്ഷണ ദിനം
ജൂലായ് 29	അന്താരാഷ്ട്ര കടുവ ദിനം
ഓഗസ്റ്റ് 6	ഹിരോഷിമ ദിനം
ഓഗസ്റ്റ് 9	നാഗസാക്കി ദിനം, ക്വിറ്റ് ഇന്ത്യാദിനം
ഓഗസ്റ്റ് 12	ലോക ആന ദിനം
ഓഗസ്റ്റ് 15	സ്വാതന്ത്ര്യ ദിനം
ഓഗസ്റ്റ് 20	ലോക കൊതുക് (നിവാരണ) ദിനം
ഓഗസ്റ്റ് 22	ലോക നാട്ടറിവ് ദിനം
ഓഗസ്റ്റ് 29	ദേശീയ കായിക ദിനം, ആണവ പരീക്ഷണവിരുദ്ധ ദിനം
സെപ്റ്റംബർ 2	ലോക നാളികേര ദിനം
സെപ്റ്റംബർ 5	ദേശീയ അധ്യാപക ദിനം
സെപ്റ്റംബർ 8	ലോക സാക്ഷരതാ ദിനം
സെപ്റ്റംബർ 16	ഓസോൺ ദിനം
സെപ്റ്റംബർ 18	ലോക മുള ദിനം
ഒക്ടോബർ 1	ലോക വൃദ്ധ ദിനം
ഒക്ടോബർ 2	ഗാന്ധി ജയന്തി
ഒക്ടോബർ 4	ലോക മൃഗക്ഷേമ ദിനം
ഒക്ടോബർ 9	ലോക തപാൽ ദിനം
ഒക്ടോബർ 10	ലോക മാനസികാരോഗ്യ ദിനം
ഒക്ടോബർ 11	അന്താരാഷ്ട്ര ബാലിക ദിനം
ഒക്ടോബർ 15	ആഗോള കൈകഴുകൽ ദിനം, ലോക വിദ്യാർഥി ദിനം
ഒക്ടോബർ 16	ലോക ഭക്ഷ്യ ദിനം
ഒക്ടോബർ 17	ലോക ദാരിദ്ര്യനിർമാർജന ദിനം
ഒക്ടോബർ 24	ഐക്യരാഷ്ട്ര ദിനം
നവംബർ 1	കേരളപ്പിറവി ദിനം
നവംബർ 5	ലോക സുനാമി ദിനം
നവംബർ 10	അന്താരാഷ്ട്ര ശാസ്ത്ര ദിനം
നവംബർ 11	ദേശീയ വിദ്യാഭ്യാസ ദിനം
നവംബർ 12	ദേശീയ പക്ഷിനിരീക്ഷണ ദിനം
നവംബർ 14	ശിശുദിനം, ലോക പ്രമേഹ ദിനം
നവംബർ 17	സാർവദേശീയ വിദ്യാർഥി ദിനം
നവംബർ 20	ലോക ബാലാവകാശ ദിനം
നവംബർ 26	ദേശീയ ഭരണഘടനാ ദിനം
ഡിസംബർ 1	ലോക എയ്ഡ്സ് ദിനം
ഡിസംബർ 2	ദേശീയ മലിനീകരണ നിയന്ത്രണ ദിനം
ഡിസംബർ 3	ലോക ഭിന്നശേഷി ദിനം
ഡിസംബർ 4	ഇന്ത്യൻ നാവികസേനാ ദിനം
ഡിസംബർ 5	ലോക മണ്ണ് ദിനം
ഡിസംബർ 10	മനുഷ്യാവകാശ ദിനം
ഡിസംബർ 11	അന്താരാഷ്ട്ര പർവത ദിനം
ഡിസംബർ 14	ദേശീയ ഊർജസംരക്ഷണ ദിനം
ഡിസംബർ 23	ദേശീയ കർഷക ദിനം
ജനുവരി 12	ദേശീയ യുവജന ദിനം
ജനുവരി 25	ദേശീയ വിനോദസഞ്ചാര ദിനം
ജനുവരി 26	റിപ്പബ്ലിക് ദിനം
ജനുവരി 29	ദേശീയ പത്ര ദിനം
ഫെബ്രുവരി 2	ലോക തണ്ണീർത്തട ദിനം
ഫെബ്രുവരി 4	ലോക കാൻസർ ദിനം
ഫെബ്രുവരി 20	ലോക സാമൂഹികനീതി ദിനം
ഫെബ്രുവരി 21	ലോക മാതൃഭാഷാ ദിനം
ഫെബ്രുവരി 27	അന്തർദേശീയ ധ്രുവക്കരടി ദിനം
ഫെബ്രുവരി 28	ദേശീയ ശാസ്ത്ര ദിനം
മാർച്ച് 1	വിവേചനരഹിത ദിനം
മാർച്ച് 3	ലോക വന്യ ജീവി ദിനം
മാർച്ച് 8	ലോക വനിതാ ദിനം
മാർച്ച് 14	അന്തരാഷ്ട്ര പുഴസംരക്ഷണ ദിനം
മാർച്ച് 20	ലോക കുരുവി ദിനം
മാർച്ച് 21	ലോക വന ദിനം
മാർച്ച് 22	ലോക ജലദിനം
മാർച്ച് 23	ലോക കാലാവസ്ഥാ ദിനം

സീഡ് ഡിജിറ്റൽ മാഗസിൻ
കൊച്ചുകൊച്ചു വലിയ ചിന്തകൾക്കുള്ള ഇടം

ആകാശപ്പച്ച

ആകാശനീലിമ പച്ചപ്പുകൊണ്ട് മറയണം എന്ന ആശയമാണ് മാഗസിൻ മുന്നോട്ടുവയ്ക്കുന്നത്. മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും അധ്യാപകരുടെയും പ്രകൃതിസൗഹൃദ നിലപാടുകൾക്കുള്ള ഡിജിറ്റൽ ഇടമാണിത്. വിജ്ഞാനക്കുറിപ്പുകൾ കൗതുകങ്ങൾ, കഥകൾ, കവിതകൾ തുടങ്ങി 12 വിഭാഗങ്ങളിലായി ചെറിയ രചനകളാണ് ഇതിലുൾപ്പെടുത്തുന്നത്. മൊബൈൽ ഫോണിലും ടാബിലും ലാപ്ടോപ്പിലും സുഗമമായി വായിക്കാവുന്ന ഡിജിറ്റൽ മാഗസിൻ മാതൃഭൂമി സീഡിന്റെ വെബ് പേജിലും ഫേസ്ബുക്ക് പേജിലും ലഭ്യമാണ്. സോഷ്യൽ മീഡിയകളിലും ഗ്രൂപ്പുകളിലും പങ്കുവെച്ച് കൂടുതൽ വായനക്കാരിലേക്ക് എത്തിക്കാം. ആകാശപ്പച്ചയിലേക്കുള്ള നിങ്ങളുടെ രചനകൾ akashapacha@mpp.co.in എന്ന മെയിൽ ഐഡിയിലേക്ക് അയക്കുകയോ അതത് ജില്ലയിലെ സീഡ് കോ-ഓർഡിനേറ്റർമാരെ ഏൽപ്പിക്കുകയോ ചെയ്യാം.

സീഡിന് ലഭിച്ച പ്രധാന ബഹുമതികൾ

- ഫോറസ്റ്റ് ക്രിയേറ്റേഴ്സ് & GSDMA ബെസ്റ്റ് മീഡിയ എൻവയൺമെന്റ് എഫേർട്ട് 2022-23
- വനമിത്ര പുരസ്കാരം 2022-23 (Government of Kerala)
- ഏറ്റവും ഉത്തരവാദിത്തമുള്ള CSR എക്സിക്യുട്ടീവ് നോളജ് ലൈൻസ് അവാർഡ്
- കേരള കൃഷിവകുപ്പിന്റെ പ്രത്യേക അവാർഡ്
- ഗ്രീൻ ആൻഡ് എൻവയൺമെന്റ് സ്റ്റെവാർഡ്ഷിപ്പ് (വെള്ളി)
- CSR Times അവാർഡ് 2020
- ഒലീവ് ക്രൗൺ അവാർഡ് -Gold 2017, 2019 (International Advertising Association)
- കോർപ്പറേറ്റ് സോഷ്യൽ ക്രൂസേഡർ ഓഫ് ദ ഇയർ അവാർഡ്-Gold 2017 (International Advertising Association)

- NIPM Best Corporate Citizen Award 2016, 2019
- വേൾഡ് യങ് റീഡർ പ്രൈസ് ഗോ ഗ്രീൻ ടോപ് അവാർഡ് 2014 (WAN-IFRA)
- കോർപ്പറേറ്റ് സോഷ്യൽ ക്രൂസേഡർ ഓഫ് ദ ഇയർ അവാർഡ്-Gold 2014 (International Advertising Association)
- വേൾഡ് യങ് റീഡർ പ്രൈസ് 2011 & 2013 (WAN-IFRA)
- ഒലിവ് ക്രൗൺ ഹരിത പുരസ്കാരം 2012
- വനമിത്ര പുരസ്കാരം 2012 (Government of Kerala)

സീഡ്
വിശിഷ്ട ഹരിതവിദ്യാലയങ്ങൾ
2010 മുതൽ 2022

2009-10	എസ്.എൻ.ഡി.പി. ഹൈസ്കൂൾ നീലീശ്വരം, എറണാകുളം
2010-11	ജവഹർ നവോദയ വിദ്യാലയം ലക്കിടി, വയനാട്
2011-12	എസ്.വി.ജി.വി. എച്ച്.എസ്.എസ്. കിടങ്ങന്നൂർ, പത്തനംതിട്ട
2012-13	എച്ച്.ഡി.പി.സമാജം എച്ച്.എസ്. എടതിരിഞ്ഞി, തൃശ്ശൂർ
2013-14	വി. വി. എച്ച്. എസ്. എസ്. താമരക്കുളം, ആലപ്പുഴ
2014-15	ജി.യു.പി.എസ്. ഭീമനാട് പാലക്കാട്
2015-16	എരഞ്ഞിമങ്ങാട് ജി.യു.പി.സ്കൂൾ മലപ്പുറം
2016-17	കൂത്തുപറമ്പ് എച്ച്.എസ്.എസ്. തൊക്കിലങ്ങാടി, കണ്ണൂർ
2017-18	ജി. വി. എച്ച്.എസ്.എസ്. രാജകുമാരി, ഇടുക്കി
2018-19	രാജീവ്ഗാന്ധി മെമ്മോറിയൽ എച്ച്.എസ്.എസ്., മൊകേരി, കണ്ണൂർ
2019-20	ജി.വി.എച്ച്.എസ്.എസ്., കരുനാഗപ്പള്ളി, കൊല്ലം
2020-21	മങ്കര വെസ്റ്റ് ബേസിക് യു.പി.സ്കൂൾ, പാലക്കാട്
2021-22	എസ്.എൻ.യു.പി.സ്കൂൾ, പോത്തിൻകണ്ടം, ഇടുക്കി
2022-23	എളമക്കര ഭവൻസ് വിദ്യാമന്ദിർ, എറണാകുളം

മരങ്ങളെ അടുത്തറിഞ്ഞ് പഠിക്കാൻ സീസൺ വാച്ച്

കാലാവസ്ഥാമാറ്റത്തിനനുസരിച്ച് മരങ്ങളിലുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ച് പഠനം നടത്തുന്ന സിറ്റിസൺ സയൻസ് പ്രോജക്ടാണ് സീസൺ വാച്ച്. നാഷണൽ സെന്റർ ഫോർ ബയോളജിക്കൽ സയൻസസ് (NCBS) ദേശീയതലത്തിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ സീഡ് പ്രവർത്തകരും പങ്കെടുക്കുന്നു. തിരഞ്ഞെടുത്ത 25 ഇനം വൃക്ഷങ്ങളെക്കുറിച്ചാണ് പഠനം. ഇതുവരെ നടത്തിയ പഠനത്തിന്റെ ശാസ്ത്രീയ വിവരങ്ങൾ സീസൺവാച്ച് വെബ്സൈറ്റിൽ കാണാം.

സീഡിൽ രജിസ്റ്റർചെയ്ത് പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകൾക്കും സീസൺവാച്ച് പദ്ധതിയുടെ ഭാഗമാകാം. എങ്ങനെയാണ് മരങ്ങളെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ രേഖപ്പെടുത്തേണ്ടതെന്ന് സീസൺവാച്ച് വെബ്സൈറ്റിലുണ്ട്. സീസൺ വാച്ച് പദ്ധതിയിൽ വിവരങ്ങൾ രേഖപ്പെടുത്താൻ സഹായിക്കുന്ന മൊബൈൽ ആപ്പ് ഗൂഗിൾ പ്ലേസ്റ്റോറിൽനിന്ന് സൗജന്യമായി ലഭിക്കും.

സീസൺവാച്ചുമായി ബന്ധപ്പെട്ട മത്സരങ്ങളുടെ വിശദാംശങ്ങൾ സീസൺ വാച്ചിൽ രജിസ്റ്റർചെയ്തിരിക്കുന്ന സ്കൂളുകളെ ഇ-മെയിൽ വഴി അറിയിക്കും. പുതുതായി രജിസ്റ്റർചെയ്യുന്ന സ്കൂളുകൾക്കും മത്സരത്തിൽ പങ്കെടുക്കാം.

കൂടുതൽ വിവരങ്ങളോ നിർദേശങ്ങളോ ആവശ്യമാണെങ്കിൽ സീസൺ വാച്ചിന്റെ കേരളത്തിലെ കോ-ഓഡിനേറ്ററായ മുഹമ്മദ് നിസാറിനെ 9446447666 എന്ന നമ്പറിൽ ബന്ധപ്പെടാം.

Website : www.seasonwatch.in/seed

Contacts

THIRUVANANTHAPURAM
Smt. Anjali Rajan
(Unit Manager) 0471 2461071

KOLLAM
Mr. N.S. Vinod Kumar
(Senior Regional Manager)
0474 2790761

PATHANAMTHITTA
Mr. Praveen Krishnan
(Chief Correspondent) 0468 2228678

KOTTAYAM
Mr. T. Suresh
(Regional Manager) 0481 2568055

ALAPPUZHA
Mr. Manish Kumar
(Unit Manager) 0477 2230864

IDUKKI
Smt. M. Bilina
(Senior Special Correspondent)
0486 2227465

ERNAKULAM
Smt. P. Sindhu
(Regional Manager) 0484 2531708

THRISSUR
Mr. Vinod P. Narayan
(Unit Manager) 0487 2423284

PALAKKAD
Mr. R.P. Mohandas
(Unit Manager) 0491 2521900

MALAPPURAM
Mr. C. Suresh Kumar
(Regional Manager) 0483 2745800

KOZHIKODE
Mr. C. Manikandan
(Senior Regional Manager)
0495 2765381

WAYANAD
Mr. Shoukathali K.P.
(Senior Correspondent)
0493 6202378

KANNUR
Mr. Jagadish G.
(Unit Manager) 0497 2825100

KASARAGOD
Mr. K. Rajeshkumar
(Chief Correspondent) 04994 230298

സീഡ് വെബ്സൈറ്റ്

മാതൃഭൂമി സീഡിന്റെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ സീഡ് വെബ്സൈറ്റിൽനിന്ന് മനസ്സിലാക്കാം. സീഡുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകളും ഫോട്ടോകളും വീഡിയോദൃശ്യങ്ങളുമെല്ലാം സീഡ് വെബ്സൈറ്റിൽ (www.mbiseed.com) അപ്‌ലോഡ്ചെയ്യാം. സീഡ് കോ-ഓഡിനേറ്റർമാരായ അധ്യാപകർക്കും സീഡ് പ്രവർത്തകരായ കുട്ടികൾക്കും പ്രകൃതിസംബന്ധമായ ലേഖനങ്ങൾ സീഡ് വെബ്സൈറ്റിലേക്ക് നൽകാവുന്നതാണ്. ഇവ സീഡിന്റെ ഇ-മെയിൽ വിലാസത്തിലേക്ക് അയക്കണം.

For more details

SEED Project
C/o Mathrubhumi
K.P. Kesavamenon Road
Kozhikode.
Website: www.mbiseed.com
E-mail: mbiseed@gmail.com

Seed Facebook page link
fb.com/mathrubhumiseedofficial

സീഡ് പദ്ധതി സംബന്ധിച്ച എല്ലാ തർക്കങ്ങളും കോഴിക്കോട് കോടതിയുടെ പരിധിയിൽ മാത്രമായിരിക്കും പരിഗണിക്കുക.

സ്കൂളിന്റെ വലുപ്പമോ കുട്ടികളുടെ എണ്ണമോ അവാർഡ് നിർണയത്തെ സ്വാധീനിക്കില്ല. പരിമിതമായ സൗകര്യങ്ങൾ മാത്രമുള്ള സ്കൂളുകൾക്കും മുൻവർഷങ്ങളിൽ നിരവധി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

റിപ്പോർട്ടുകൾ കാര്യമാത്രപ്രസക്തവും ആവർത്തനം ഇല്ലാത്തതുമാവണം.

റിപ്പോർട്ടിനൊപ്പം സമർപ്പിക്കുന്ന പെൻഡ്രൈവ്, CD തുടങ്ങിയവയിൽ സ്കൂളിന്റെ പേരും അതിലെ ഉള്ളടക്കം എന്തെന്നും എഴുതണം.

മുൻവർഷങ്ങളിൽ അവാർഡ് കിട്ടിയത് വീണ്ടും ലഭിക്കുന്നതിന് തടസ്സമല്ല.

മാതൃഭൂമി

FEDERAL BANK

Mathrubhumi Seed
Student Empowerment for Environmental Development
IN PARTNERSHIP WITH FEDERAL BANK

25 ലക്ഷത്തോളം രൂപയുടെ കാഷ് പ്രൈസ്!

762 സമ്മാനങ്ങൾ!

ട്രോഫികളും സർട്ടിഫിക്കറ്റുകളും പുസ്തകങ്ങളും!

- **വിശിഷ്ട ഹരിതവിദ്യാലയം പുരസ്കാരം**
  ഒന്നാം സമ്മാനം : 1 ലക്ഷം രൂപ
  രണ്ടാം സമ്മാനം : 75,000 രൂപ
  മൂന്നാം സമ്മാനം : 50,000 രൂപ
  കൂടാതെ സർട്ടിഫിക്കറ്റും
- റവന്യൂ ജില്ലയിലെ മികച്ച സ്കൂളിന്
  ശ്രേഷ്ഠ ഹരിതവിദ്യാലയം പുരസ്കാരം
  25,000 രൂപയും സർട്ടിഫിക്കറ്റും
- ഓരോ വിദ്യാഭ്യാസജില്ലയിലെയും മികച്ച മൂന്ന് സ്കൂളുകൾക്ക്
  ഹരിതവിദ്യാലയം പുരസ്കാരം
  ഒന്നാം സമ്മാനം : 15,000 രൂപ
  രണ്ടാം സമ്മാനം: 10,000 രൂപ
  മൂന്നാം സമ്മാനം : 5,000 രൂപ
  സർട്ടിഫിക്കറ്റും
- റവന്യൂജില്ലയിലെ മികച്ച എൽ.പി. സ്കൂളിന്
  ഹരിതമുകുളം പുരസ്കാരം
  5,000 രൂപ
- **എന്റെ കൃഷിത്തോട്ടം മത്സരം**
  ജില്ലാതലത്തിൽ 10,000 രൂപ കാഷ് അവാർഡും സർട്ടിഫിക്കറ്റും
- ഓരോ വിദ്യാഭ്യാസ ജില്ലയിലും മികച്ച സീഡ് അധ്യാപകർക്ക്
  ബെസ്റ്റ് ടീച്ചർ കോഡിനേറ്റർ പുരസ്കാരം
  5000 രൂപയും സർട്ടിഫിക്കറ്റും.
- **മികച്ച ലഹരിവിരുദ്ധ പ്രവർത്തനം**
  നടത്തുന്ന വിദ്യാലയങ്ങൾക്ക് ജില്ലാ തലത്തിൽ സമ്മാനം: 10,000 രൂപ
- **5 സ്റ്റാർ മത്സരം**
  ജില്ലാതലത്തിൽ
  ഒന്നാം സമ്മാനം: 500 രൂപയുടെ പുസ്തകങ്ങൾ
  രണ്ടാം സമ്മാനം: 300 രൂപയുടെ പുസ്തകങ്ങൾ
  മൂന്നാംസമ്മാനം: 200 രൂപയുടെ പുസ്തകങ്ങൾ
- സംസ്ഥാനതലത്തിൽ മികച്ച പരിസ്ഥിതി പ്രവർത്തനം കാഴ്ചവയ്ക്കുന്ന വ്യക്തിക്ക് **സീതാരാമൻ പുരസ്കാരം.** കാഷ് അവാർഡും സർട്ടിഫിക്കറ്റും.
- സീഡ് പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ മികവ് കാട്ടുന്ന വിദ്യാർഥികൾക്ക്
  ജെം ഓഫ് സീഡ് പുരസ്കാരം
  ട്രോഫിയും സർട്ടിഫിക്കറ്റും.
- ഏറ്റവും മികച്ച സീഡ് റിപ്പോർട്ടർമാർക്ക്
  ബെസ്റ്റ് റിപ്പോർട്ടർ പുരസ്കാരം
  പ്രശസ്തിപത്രം.
- **ഹരിതജ്യോതി പ്രശംസാപത്രം**
  വിദ്യാഭ്യാസ ജില്ലയിൽ മികച്ച പ്രവർത്തനം നടത്തുന്ന 6 വിദ്യാലയങ്ങൾക്ക്.

2022-23 വർഷത്തിലെ സീഡ് വിശിഷ്ട ഹരിതവിദ്യാലയ പുരസ്കാരം നേടിയ എറണാകുളം എളമക്കര ഭവൻസ് വിദ്യാമന്ദിർ സീഡ് അംഗങ്ങൾ.

Printed at Mathrubhumi Press, Ramanattukara